SATURDAY 25.05.2024 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/05/2024

1. മികച്ചയിനം നെൽ വിത്തിനങ്ങൾ കൃഷിഭവനിലൂടെ കർഷകർക്ക് ലഭ്യമാക്കും. ജൂൺ മാസത്തിലാരംഭിക്കുന്ന വിരിപ്പ് സീസണിൽ നെൽവിത്ത് ലഭ്യമാക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കി കൃഷിവകുപ്പ്. കേരള കാർഷിക സർവകലാശാല, വിവിധ സ്റ്റേറ്റ് സീഡ് ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വിത്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവിധ പാടശേഖരങ്ങളിൽ നിന്നും ആവശ്യപ്പെട്ടത് പ്രകാരം കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നായി ഗുണമേന്മയുള്ള വിത്ത് കൃഷിഭവനുകൾ മുഖേന വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തൊട്ടാകെ കർഷകർക്ക് ആവശ്യമുള്ള നെൽവിത്ത് നൽകുന്നതിന് കൃഷിവകുപ്പ് സജ്ജമാണെന്ന് അധികാരികൾ അറിയിച്ചു.

2. ഫിഷറീസ് വകുപ്പ് പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന 2024-25 പദ്ധതി പ്രകാരം ബാക്ക്യാർഡ് ഓർണമെൻ്റൽ ഫിഷ് റിയറിങ് യൂണിറ്റ്(മൊത്തം ചെലവ് മൂന്ന് ലക്ഷം), രണ്ട് ബയോഫ്ളോക്ക് മത്സ്യകൃഷി (7.5 ലക്ഷം) റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (7.5 ലക്ഷം), മിനി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം(50000രൂപ) എന്നീ മത്സ്യകൃഷി പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം യൂണിറ്റുകൾ സ്ഥാപിച്ച് ബില്ലുകൾ സമർപ്പിക്കുന്ന പക്ഷം യൂണിറ്റ് കോസ്റ്റ് 40 ശതമാനം സബ്സിഡി ലഭിക്കും. താൽപര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപക്ഷയും അനുബന്ധ രേഖകളും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മത്സ്യബന്ധന വകുപ്പ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലമ്പുഴ, പാലക്കാട്-678651 എന്ന വിലാസത്തിൽ മെയ് 27ന് വൈകിട്ട് നാലിന് മുമ്പായി തപാൽ മുഖേനയോ ddfpkd@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് മണ്ണാർക്കാട്,

ചുള്ളിയാർ ആലത്തൂർ മത്സ്യ ഭവനുകളുമായി ബന്ധപ്പെടണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ 0491 2815245, 379746595719 പ്രോജക്ട് കോർഡിനേറ്റർ 9446668523

3. ക്ഷീരവികസന വകുപ്പിൻ്റെ ആഭിമഖ്യത്തിൽ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ വച്ച് 2024 ജൂൺ 1- ന് ലോക ക്ഷീരദിനം ആചരിക്കുന്നതിന്റെ ഭാഗമായി 29/05/2024 രാവിലെ 10.00 മണി മുതൽ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് വലിയതുറ പരിസരവാസികളായ വിദ്യാർത്ഥികൾക്കായി കലാസാംസ്കാരിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ട്. പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ 9446453247 / 9388834424 എന്നീ നമ്പരുകളിൽ വിളിച്ച് 27/06/2004 വൈകുന്നേരം 4 മണിയ്ക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇന ത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ ബന്ധപ്പെട്ട് കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്.

5. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ നെടിയ ഇനം, കുറിയ ഇനം - 100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ വിൽപനക്കായി ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

7. ക്ഷീര വികസന വകുപ്പിൻറെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, ചിത്രരചന മത്സരങ്ങൾ, എൽ.പി, യൂപി ആൻ്റ് ഹൈസ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന. ഹൈസ്കൂൾ വിഭാഗത്തിന് മാത്രമായും നടത്തുന്നതാണ്. എൽ.പി, യൂപി, ഹൈസ്കൂൾ വിഭാഗങ്ങൾക്കായുള്ള ചിത്രരചന, പെയിൻ്റിംഗ് മത്സരം ഈ മാസം (മെയ്) 27-ാം തീയതി രാവിലെ 10 മണി മുതലും ഉപന്യാസ മത്സരം മെയ് മാസം 28-ാം തീയതി രാവിലെ 10 മണി മുതലും നടത്തുന്നതായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഇന്ന് (25.05.2024) വൈകുന്നേരം 4 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രവുമായി നേരിട്ടോ, 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻറെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം